**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 300** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പ് കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തി വന്ന ശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന കല്ല്യാശ്ലേരി മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കെ സ്റ്റോർ - 5<br>ഒപ്പം പദ്ധതി- 4<br>സുഭിക്ഷാ പദ്ധതി - 1 |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര ബി.പി.എൽ. എ.എ.വൈ. കാർഡുകൾ പുതുതായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ കാലയളവിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ പുതുതായി 379 എ.എ.വൈ കാർഡുകളും 3675 മുൻഗണന കാർഡുകളും നൽകിയിട്ടുണ്ട്. |
| (സി) | കാർഡുകൾ തരംമാറ്റുന്നതിന് അവസരം ലഭിക്കാതിരുന്നവർക്ക് വീണ്ടും അവസരമൊരുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | നാളിതുവരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് തരംമാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന അർഹരായ കുടുംബങ്ങൾക്ക് അവരുടെ കാർഡുകൾ മുൻഗണന വിഭാഗത്തിലേയ്ക്ക് തരം മാറ്റുന്നതിന് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം 27/0172026 മുതൽ നൽകുന്നതാണ്. ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസറും, റേഷനിംഗ് ഇൻസ്പെക്ടറും അപേക്ഷ സമർപ്പിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതാണ് |
| (ഡി) | കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ പയ്യന്നൂർ താലൂക്കിലെ 001, 005, 011, 029 എന്നീ നമ്പർ റേഷൻ കടകളും, കണ്ണൂർ താലൂക്കിലെ 239 നമ്പർ റേഷൻ കടയുമാണ് കെ-സ്റ്റോറുകളായി മാറ്റിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ